ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എതടിസ്ഥാനത്തിലാണ് കാൺസ്ട്രിറ്റ്യൂട്ട് ചെയ്യുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്ക് പരീക്ഷകൾ നടത്തുന്നതിനുള്ള തന്റേടവും പ്രാപ്തിയും യോഗ്യതയുമുള്ള ഒരു കൂട്ടം ആളുകളെ ചേർത്ത് ഒരു കമ്മിറ്റി ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോഴത്തെ ബോർഡ് രൂപീകരിച്ചതു് എന്നാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുമൂന്നു മാസമായി.

Sri. A. K. George : May I know whether Government are aware that there is a rule that members should not be given papers?

Sri. Panampilli Govinda Menon: No, Government have not made any such rule. But I have heard that the Board itself has passed a self-denying ordinance like that.

Sri. A. K. George : May I know whther membership in the Board of Public Examaintion is different from membership in the Board of Examination? Are they different bodies?

Sri. Panampilli Govinda Menon: I think they are same.

PUBLIC EXAMINATION

***947.** [21] **Sri. A. K. George:** Will the Hon'ble Minister for Education be pleased to state whether there is any officer who is now in charge of the Public Examinations and if so, what is his designation?

Sri. Panampilli Govinda Menon: There is no separate Officer as such for the conduct of Government examinations either in the University or in the Education Department. The Registrar is in charge of the Examinations conducted by the University and the Director of Public Instruction for those arranged by the Education Department.

PERMITS TO TAKE FUEL FROM FORESTS

***948.** [22] **Sri. A. M. Thomas:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether the system of issuing permits to individual cartmen to take fuel from the Government forests is being obtained now; and

(*b*) if not why has it been stopped?

Sri. Panampilli Govinda Menon:

(*a*) No.

(*b*) There was no necessity to continue this since firewood is available to the people for their domestic consumption from firewood coupes and since pass-holders often misused the privilege by resorting to illicit fellings and collection.

ശ്രീ. എ. എം. തോമസ്സ്: ഇപ്പോൾ വിറകു് വിതരണത്തിനു് ഗവൺമെണ്ടു് എന്തു് എപ്പോടാണ് ചെയ്യുന്നതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുവേണ്ടി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഡിപ്പോകളുണ്ടു്. ആ ഡിപ്പോകളിലേക്കു വേണ്ട വിറകു് അതാതവസരത്തിൽ എത്തിക്കുന്നുണ്ടു്.

ശ്രീ. എ. എം. തോമസ്സ്: ഗവൺമെണ്ടിൽനിന്നാണോ എത്തിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏപ്രിൽ ഫാംതൊ-വരെ ഗവൺമെണ്ടാണ് ചെയ്തിരുന്നതു്. ഇപ്പോൾ അതിനു് മാറ്റം വരുത്തിയിട്ടുണ്ടു്.

ശ്രീ. എ. എം. തോമസ്സ്: ഇപ്പോൾ ആക്ഷൻ ചെയ്യുകൊടുക്കയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടിൽനിന്നും ആക്ഷൻചെയ്യുകളക്ടറു് ചെയ്യുന്നതിനുള്ള അധികാരം ഓരോരുത്തർക്കും കൊടുക്കും.

GRAIN PURCHASING ASSISTANTS

***949.** [23] **Sahib Bahadur Chelady Rowther:** Will the Hon'ble Minister for Civil Supplies be pleased to state:—

(*a*) how many grain purchasing assistants are there in Chittoor and Thalappally taluks; and

(*b*) is there any necessity of continuing those posts now?

Sri. Panampilli Govinda Menon: (*a*) 4 each.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: തിരുവിതാംകൂറിൽ പർച്ചേസിനുവേണ്ടി ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ ഡിവിഷനിൽ ചില ഓഫീസ് പർച്ചേസിനു വേണ്ടി കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: പർച്ചേസ് നടത്തുന്നതിനു് ഈ ഉദ്യോഗസ്ഥന്മാർ വേണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നല്ലപ്പടി നടത്തുന്നതിനു് ഉദ്യോഗസ്ഥന്മാർ വേണം.

ശ്രീ. പി. കെ. ഡീവർ: ഈ പർച്ചേസ് അസിസ്റ്റൻറിന്റെ ജോലി എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ വില്ലേജിലുമുള്ള നിലമടമസ്ഥന്മാരുടെ ക്രോപ്പ് അസ്സസ്സ് ചെയ്യുക ഡിമാൻഡ് തയാറാക്കുക തുടങ്ങിയ കാര്യങ്ങളിൽ പാവു്ത്യകാരന്മാരോടു് സഹകരിച്ചു് മേലന്വേഷണം നടത്തുകയാണു്.

നല്ലേപ്പിള്ളി—വണ്ണാമട റോഡു്

*൯൪൦. (൨൪) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിലെ നല്ലേപ്പിള്ളി—വണ്ണാമടറോഡു് അകപ്രിസിഷൻ പുത്തിയാക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ? ആ റോഡിന്റെ സ്ഥിതി എന്താണെന്നു ഗവണ്മെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അകപ്രിസിഷൻ പുത്തിയാക്കുന്നതിനു് പ്രത്യേക തടസ്സമൊന്നുമില്ല. മിക്കവാറും സ്ഥലങ്ങൾ എടുത്തു കഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള സ്ഥലവും വിലകൊടുത്തുതിക്കാൻ നടപടികളും എടുക്കുകയാണു്. റോഡു് പണിയുന്നതിനുള്ള എസ്റ്റിമേറും തയ്യാറാക്കിയിട്ടുണ്ടു്. തമസിയാതെ ടെൻഡർ ക്ഷണിച്ചു പണി തുടങ്ങുന്നതാണു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ റോഡു് പഞ്ചായത്തിന്റെ കീഴിലാണോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കേശവൻ കമ്മിറ്റി റിപ്പോർട്ടു്

*൯൫൨. (൨൪) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസവകുപ്പിനെയും ടെക്സ്റ്റ് ബുക്കുകളുടെ അംഗീകരണത്തെയും സംബന്ധിച്ചു കേശവൻ കമ്മിറ്റി ഗവണ്മെണ്ടിലേക്കു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി;

(സി) അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പ്രസ്താവിക്കാമോ?

(ഡി) ആ നിർദ്ദേശങ്ങൾ ഗവണ്മെണ്ടു് സ്വീകരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ടു്.

(ബി) ഏഴുമാസക്കാലമായി.

(c) (i) That the preparation, printing and publication of text books be taken over by the Government.

(ii) That a Board of Education be constituted with not more than eleven educationists;

(iii) That this Board be made responsible for prescribing.....

Mr. Speaker: Is it a long list of recommendations?

Sri. Panampilli Govinda Menon: Yes, Sir.

Mr. Speaker: That may be placed on the table.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (ഡി) ഇതുസംബന്ധിച്ചു് അവസാന തീരുമാനമുണ്ടായിട്ടില്ല.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ: എന്തുകൊണ്ടാണു് തീരുമാനം എടുക്കുന്നതിനു് ഇത്ര കാലതാമസം വന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ റിപ്പോർട്ടിൽ പറയുന്ന മിക്ക സംഗതികളും ഓരോന്നോരോന്നായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly